# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 23.09.2019

**വന്യജീവി ഫോട്ടോഗ്രഫി മത്സരം: അപേക്ഷ ക്ഷണിച്ചു**

വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി വനം-വന്യജീവി വകുപ്പ് സംഘടിപ്പിക്കുന്ന വന്യജീവി ഫോട്ടോഗ്രാഫി മത്സരത്തിലേക്ക് എൻട്രികൾ ക്ഷണിച്ചു. എൻട്രികൾ ഓൺലൈനായാണ് സമർപ്പിക്കേണ്ടത്. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.forest.kerala.gov.in ലെ വൈൽഡ് ലൈഫ് ഫോട്ടോഗ്രഫി കോൺടസ്റ്റ് 2019 എന്ന പ്രത്യേക ലിങ്കിലൂടെ വേണം ഫോട്ടോകൾ അപ് ലോഡ് ചെയ്യാൻ.കേരളത്തിലെ വനമേഖലകളിൽ നിന്നും ചിത്രീകരിച്ച, നീളം കൂടിയ വശത്ത് 3000 പിക്സലിൽ കുറയാത്ത എട്ട് മെഗാബൈറ്റുള്ള ഫോട്ടോകളാണ് അപ്‌ലോഡ് ചെയ്യേണ്ടത്. ഒരാൾക്ക് അഞ്ച് ഫോട്ടോകൾ വരെ സമർപ്പിക്കാം. സെപ്തംബർ 30 വൈകിട്ട് അഞ്ചു മണിവരെ അപ് ലോഡ് ചെയ്യുന്ന ചിത്രങ്ങളാണ് അവാർഡിന് പരിഗണിക്കുക. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന ചിത്രങ്ങൾക്ക് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ലഭിക്കും. വിശദവിവരങ്ങൾക്കും മൽസരം സംബന്ധിച്ച നിബന്ധനകൾക്കും വെബ്സൈറ്റ് സന്ദർശിക്കുക.

23/9/19

ഡോ. അഞ്ജൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ